Submission

Uncorrected/Not for publication
19-09-2025

**സബ്മിഷൻ**

## കെ.എസ്.യു. വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ മുഖംമൂടി ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ സംഭവം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കെ.എസ്.യു.-എസ്.എഫ്.ഐ. സംഘർഷമുണ്ടായതിനെത്തുടർന്ന് കെ.എസ്.യു. പ്രവർത്തകർക്കെതിരെ മാത്രമാണ് കേസ് ചാർജ് ചെയ്തത്. കെ.എസ്.യു. ജില്ലാ വൈസ് പ്രസിഡന്റ് ഗണേഷ് ആറ്റൂർ, കിള്ളിമംഗലം ഗവ. കോളേജിലെ യൂണിറ്റ് പ്രസിഡന്റ് മുഹമ്മദ് അസ്ലം, യൂണിറ്റ് ഭാരവാഹി ഒറ്റപ്പാലം കോളേജിലെ അൽ-അമീൻ എന്നിവരെ വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. ശ്രീ. യു. കെ. ഷാജഹാന്റെ നേതൃത്വത്തിൽ, കൊട്ടുംകുറ്റവാളികളെപ്പോലെ കറുത്ത തുണികൊണ്ട് മുഖംമൂടിയണിയിച്ചും കൈ പിന്നിൽ കെട്ടി വിലങ്ങ് വയ്പ്പിച്ചും വടക്കാഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. ഇക്കാലത്ത് തീവ്രവാദികളെപ്പോലും അങ്ങനെ ചെയ്യാറില്ല.

ഇതുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെ വിധി നിലവിലുള്ളതാണ്. കോളേജിൽ പഠിക്കുന്ന കുട്ടികളെ കറുത്ത തുണി ഉപയോഗിച്ച് മുഖംമൂടി വിലങ്ങുവച്ച് കോടതിയിൽ ഹാജരാക്കുന്ന ദയനീയ സംഭവമാണുണ്ടായത്. ടി പൊലീസ് നടപടിയെ അതിശക്തമായി കോടതി വിമർശിച്ചുകൊണ്ട് എന്തിനാണ് കുട്ടികളെ മുഖം മറച്ച് വിലങ്ങണിയിച്ച് ഹാജരാക്കിയതെന്ന് ചോദിച്ചതിന് കൃത്യമായ മറുപടി പറയാൻ പൊലീസിന് സാധിക്കാത്തതിനെത്തുടർന്ന് എസ്.എച്ച്.ഒ.-ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ജില്ലാ പൊലീസ് മേധാവി വഴി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇത് കേരളമാണ്. കോളേജ് വിദ്യാർഥികൾ തമ്മിലുള്ള സംഘർഷം എത്രയോ വർഷങ്ങളായിട്ടുള്ളതാണ്. ഈ പ്രശ്നത്തിൽ, എസ്.എച്ച്.ഒ. കുട്ടികളുടെ വീട്ടിൽ പോയി മാതാപിതാക്കളെ ഭീഷണിപ്പെടുത്തുന്ന വീഡിയോ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. ആറ് തവണയാണ് ഇദ്ദേഹം കുട്ടികളുടെ വീട്ടിൽ പോയി മാതാപിതാക്കളെ ഭീഷണിപ്പെടുത്തിയത്. കോളേജിൽ കുട്ടികൾ തമ്മിലുണ്ടായ സംഘർഷത്തിന്റെ പേരിൽ ബന്ധുവീടുകളിൽ പോയാണ് ഭീഷണിപ്പെടുത്തിയത്. കുന്നംകുളം പോലീസ് സ്റ്റേഷനിലുണ്ടായ സംഭവം

കഴിഞ്ഞ ദിവസം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതാണ്. ശ്രീ. വി. ആർ. സുജിത്ത് മർദിക്കപ്പെട്ടപ്പോൾ അവിടത്തെ എസ്.എച്ച്.ഒ. ആയിരുന്ന അതേ വ്യക്തിയാണ് ഈ വിഷയത്തിലും ഉൾപ്പെട്ടിരിക്കുന്നതെന്നത് വളരെ ഗൗരവമേറിയ കാര്യമാണ്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികളും ശിക്ഷാനടപടികളും സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, കോഴിക്കോട് സർവകലാശാല ഡി-സോൺ കലോത്സവവുമായി ബന്ധപ്പെട്ട് കിള്ളിമംഗലം കോളേജിലും മാള കോളേജിലും ഇരുവിഭാഗം വിദ്യാർത്ഥികൾ തമ്മിൽ സംഘർഷം നടന്നിരുന്നു. ഇതിന് തുടർച്ചയായി 19-08-2025-ന് ഗണേഷ് എന്നയാൾ ഉൾപ്പെടെ ഏഴ് പേർ ചേർന്ന് രണ്ട് വിദ്യാർത്ഥികളെ തലയ്ക്കടിച്ചും മറ്റും ദേഹോപദ്രവം ഏൽപ്പിക്കുകയും പണവും മൊബൈൽ ഫോണും കവരുകയും ചെയ്തുവെന്ന മൊഴിയുടെ അടിസ്ഥാനത്തിൽ വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 645/2025 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. സംഭവത്തിനുശേഷം ഒളിവിൽപോയ ഗണേഷ് ഉൾപ്പെടെയുള്ള

മൂന്ന് പേരെ 11-09-2025-ന് കൊയിലാണ്ടിയിൽനിന്നും അറസ്റ്റ് ചെയ്യുകയുണ്ടായി. ഇവർ ഇപ്പോൾ റിമാൻഡിലാണ്. ആക്രമണത്തിൽ പരിക്കേറ്റ ഒരു വിദ്യാർഥി പ്രതികളെ മുൻപരിചയമില്ലെന്നും കണ്ടാൽ തിരിച്ചറിയുമെന്നും മൊഴി നൽകിയതിനാൽ പ്രതികളുടെ ഐഡന്റിഫിക്കേഷൻ നടത്തേണ്ടതുണ്ട്. അതിനാൽ പ്രതികളുടെ ഐഡന്റിഫിക്കേഷന് മുമ്പായി പൊതുമണ്ഡലത്തിൽ തിരിച്ചറിയാതിരിക്കാൻ മുഖംമൂടി ധരിപ്പിച്ചാണ് കോടതിയിൽ ഹാജരാക്കിയതെന്നാണ് റിപ്പോർട്ട്. വിദ്യാർഥികളെ വിലങ്ങ് വച്ചതായി പരാതിയുണ്ടായിട്ടുണ്ട്. വിദ്യാർഥികളെ വിലങ്ങ് വച്ചിട്ടുണ്ടെങ്കിൽ ആ നടപടിയോട് സർക്കാരിന് യോജിപ്പില്ല. ലഭിച്ച പരാതിയിൽ അന്വേഷണം നടത്താനും അന്വേഷണവിധേയമായി സ്റ്റേഷൻ ഹൗസ് ഓഫീസറെ സ്ഥലംമാറ്റാനും തീരുമാനിച്ചിട്ടുണ്ട്. ....(ബഹളം.....).

എറിയാട്-എടവിലങ്ങാട് തീരപ്രദേശത്ത് ടെട്രോപോഡ് സംവിധാനം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കയ്പമംഗലം നിയോജകമണ്ഡലത്തിൽ ഏഴ് പഞ്ചായത്തുകളാണുള്ളത്. ഈ ഏഴ് പഞ്ചായത്തുകളും തീരദേശ പഞ്ചായത്തുകളായതിനാൽ അവിടെയുള്ള ജനങ്ങൾ നിരവധി പ്രയാസങ്ങളും പ്രശ്നങ്ങളും അനുഭവിക്കുന്നുണ്ട്. നമ്മുടെ

തീരദേശവാസികൾക്കായി സംസ്ഥാന ഗവൺമെന്റ് നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും കാലാവസ്ഥാ വ്യതിയാനവും മറ്റുംമൂലം കടലാക്രമണം ശക്തിപ്പെടുന്ന അവസ്ഥ നിലവിലുണ്ട്. തീരദേശ നിയോജകമണ്ഡലമായ കയ്പമംഗലത്ത് കടലേറ്റത്തിലും കടലാക്രമണത്തിലും നിരവധി വീടുകൾ തകർന്നുപോകുന്ന സ്ഥിതിയുണ്ടായിരുന്നു. എന്നാൽ പുനർഗേഹം, സുനാമിയുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന പ്രത്യേകമായിട്ടുള്ള വീടുകൾ, ലൈഫ് ഭവന പദ്ധതി എന്നിവ പ്രകാരം നിരവധി ആളുകളെ അവിടെനിന്നും മാറ്റി താമസിപ്പിക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽപ്പോലും കടൽ വലിയതോതിൽ കരയിലേക്ക് കയറിവരുന്ന ഒരു പൊതുസ്ഥിതി കേരള സംസ്ഥാനത്തുണ്ട്, പ്രത്യേകിച്ച്  കയ്പമംഗലത്തുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളെ ഹോട്ട്സ്പോട്ടായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായിട്ടുള്ള പഠനം, അതുമായി ബന്ധപ്പെട്ട നടപടികളൊക്കെ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഈ രണ്ട് സ്ഥലത്തും ടെട്രോപാഡ് സംവിധാനം എത്രയും പെട്ടെന്ന് സ്ഥാപിക്കുമെന്ന് 2022-ൽ നമ്മുടെ നിയമസഭയ്ക്ക് ബജറ്റ് മുഖേന ഉറപ്പുകിട്ടിയതാണ്. പക്ഷേ ഇപ്പോഴും അതിന് സാധിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. അതിനുള്ള പ്രാരംഭ

പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ ആരംഭിക്കേണ്ടതുണ്ട്. അല്ലെങ്കിൽ, കടലാക്രമണംമൂലം മാറ്റി താമസിപ്പിക്കുന്ന വീടുകൾ ഉൾപ്പെടെ കടലാക്രമണ ഭീഷണി നേരിടുന്ന ഒരു സ്ഥിതിയിലേക്ക് വരുമെന്നാണ് സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം, കയ്പമംഗലം എന്നീ പഞ്ചായത്തുകളിൽ ആവശ്യംവേണ്ട ജിയോ ട്യൂബുകൾ ഉൾപ്പെടെ എത്രയും പെട്ടെന്ന് സ്ഥാപിച്ച് ഇവിടെയുള്ള ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കൊടുങ്ങല്ലൂർ താലൂക്കിൽ കയ്പമംഗലം നിയോജകമണ്ഡലത്തിൽ എറിയാട്, എടവിലങ്ങ് എന്നീ പഞ്ചായത്തുകളിലെ ആറ് കിലോമീറ്ററോളം വരുന്ന കടൽത്തീരം, കടൽഭിത്തി പൂർണ്ണമായി നശിച്ചുപോയിട്ടുള്ളതും രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശമായതിനാൽ Asian Development Bank (ADB), National Centre for Coastal Research (NCCR), Ecology Environmental Team എന്നിവിടങ്ങളിലെ പ്രതിനിധികൾ അടക്കമുള്ള സംഘം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് ബോധ്യപ്പെട്ട് ഹോട്ട്സ്പോട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. കയ്പമംഗലം നിയോജകമണ്ഡലത്തിലെ ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുന്ന കൊടുങ്ങല്ലൂർ തീരസംരക്ഷണ പ്രവൃത്തികൾക്കായി 23-05-2025-ൽ NCCR-ൽ നിന്ന് ടെട്രോപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണ പ്രവൃത്തിക്കായുള്ള ഡിസൈൻ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ എറിയാട്, എടവിലങ്ങ് എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തിക്കുവേണ്ടി 328.65 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കിയിട്ടുണ്ട്. അതിന്മേൽ നടന്നുവരുന്ന പരിശോധന പൂർത്തിയാക്കി ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുന്ന പ്രദേശത്തെ തീരദേശ മണ്ണൊലിപ്പ് തടയുന്നതിനും തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനും മേൽപ്രവൃത്തി ലക്ഷ്യമിടുന്നു. മേൽപ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെട്രോപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഹോട്ട്സ്പോട്ടായി ഉൾപ്പെടുത്തിയിട്ടുള്ള എറിയാട്, എടവിലങ്ങ് തീരപ്രദേശങ്ങൾക്ക് തുടർച്ചയായുള്ള എസ്.എൻ. പുരം പഞ്ചായത്തിൽ CP 1224 മുതൽ CP 1242 വരെയുള്ള പ്രദേശങ്ങളിൽ അതിരൂക്ഷമായ

കടലാക്രമണം നിമിത്തം നിലവിലെ പഴക്കമുള്ള കടൽഭിത്തികൾ തകർന്ന അവസ്ഥയിലാണ്. സമീപഭാവിയിൽ കടൽക്ഷോഭം, കള്ളക്കടൽ എന്നിവമൂലം ഏകദേശം 4 കിലോമീറ്ററോളം വരുന്ന എസ്.എൻ. പുരത്തെ കടൽത്തീരങ്ങളിൽ കടലേറ്റം വളരെ വ്യാപകമാണ്. ഇത് ഈ പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിലനിൽക്കുന്നു. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എറിയാട്, എടവിലങ്ങ് പഞ്ചായത്തുകളിൽ ടെട്രോപോഡ് ഉപയോഗിച്ചുള്ള നിർമ്മാണം നടത്തുന്നതോടെ എസ്.എൻ. പുരം പഞ്ചായത്തിലെ കടൽത്തീരങ്ങളിൽ കടലാക്രമണം രൂക്ഷമാകാൻ സാധ്യതയുണ്ട്. ആയതിനാൽ 70 ശതമാനത്തോളം തകർന്ന് കിടക്കുന്ന ദുർബലമായ കടൽഭിത്തികൾ മാത്രമുള്ള ശ്രീനാരായണപുരം പഞ്ചായത്തിലെ തീരദേശ പ്രദേശങ്ങളും ഫിഷിങ് ഗ്യാപ്പുള്ള സ്ഥലങ്ങളിലെ റിട്ടേൺ വാൾ അടക്കം ഏകദേശം 10 കിലോമീറ്റർ കടൽഭിത്തി നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

മതിലകം പഞ്ചായത്തിലെ CP 1244-ന് ഇരുവശത്ത് 260 മീറ്റർ നീളത്തിലും CP 1247-നുസമീപം 450 മീറ്റർ നീളത്തിലും കടൽത്തീര

സംരക്ഷണ പ്രവൃത്തികൾക്കായി World Bank Fund ലഭ്യമാക്കുന്നതിനായി Mission Directorate മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു.

പെരിഞ്ഞനം പഞ്ചായത്തിൽ 150 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ റീഫോർമേഷനായുള്ള 63 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിച്ചു. 5 വർഷം പിന്നിട്ടിട്ടും പ്രവൃത്തി നടപ്പാക്കുന്നതിനുള്ള അനുകൂല സാഹചര്യം ഉണ്ടായിരുന്നിട്ടും പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരിക്കുന്നതിനുവേണ്ടി ക്രിയാത്മകമായ യാതൊരു ശ്രമങ്ങളും കരാറുകാരന്റെ ഭാഗത്തുനിന്നും ഉണ്ടാകാത്തതിനാലും ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി അവസാനിച്ചതിനാലും പ്രസ്തുത പ്രവൃത്തിയിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തിട്ടുള്ളതുമാണ്. ഇതിന്റെ ബാലൻസ് പ്രവൃത്തി നടപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

2021-2022 സാമ്പത്തിക വർഷം മുതൽ എറിയാട്, എടവിലങ്ങ്, എസ്.എൻ. പുരം പഞ്ചായത്തുകളിൽ ജിയോ ബാഗ് ഉപയോഗിച്ചുള്ള 265 ലക്ഷം രൂപയുടെ 18 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ പ്രവൃത്തികൾ നടപ്പാക്കുന്നതിന് Annual Plan 2025-2026-ൽ proposal തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ മുൻഗണനയും ഫണ്ടിന്റെ ലഭ്യതയും

അനുസരിച്ച് നടപ്പാക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഹോട്ട്സ്പോട്ടുകളുമായി ബന്ധപ്പെട്ട കാര്യം പ്രത്യേക പരിഗണനയിലുണ്ട്. അത് ബജറ്റിലൂടെ ആദ്യം പറഞ്ഞ പ്രവൃത്തികളാണ്. ഇക്കാര്യത്തിൽ റിപ്പോർട്ട് ലഭിച്ചതിന്റെ പശ്ചാത്തലത്തിൽ അടിയന്തരമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ 28-ാം ഓണം മഹോത്സവം

ശ്രീ. സി. ആർ. മഹേഷ്: സർ, ഞങ്ങൾ ഓണാട്ടുകരക്കാർക്ക് രണ്ട് ഓണമാണുള്ളത്. ഒന്ന് തിരുവോണവും മറ്റൊന്ന് തിരുവോണം കഴിഞ്ഞ് 28-ാമത്തെ ദിവസത്തെ ഇരുപത്തിയെട്ടാം ഓണാഘോഷവും. ഇത് ഓണാട്ടുകരയുടെ ഒരു ദേശീയോത്സവമാണ്. കൃഷി ഉപജീവനമാക്കിയിരുന്ന ഒരു ജനത വിളവെടുപ്പ് കഴിഞ്ഞാൽ കൃഷിയിൽ മുഖ്യപങ്ക് വഹിക്കുന്ന കന്നുകാലികളോടുള്ള ആദരസൂചകമായും ദേശദേവനായ ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തോടുള്ള ഭക്തി സൂചകമായും കൃഷിയിൽനിന്ന് ലഭിക്കുന്ന വൈക്കോലും തടിയും ഉപയോഗിച്ചുകൊണ്ട് കെട്ടുകാളകളെ നിർമ്മിച്ച് ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിൽ എത്തിക്കുന്നതാണ് ഈ ഉത്സവത്തിന്റെ പ്രത്യേകത.

ഏതാണ്ട് 72 അടിയുള്ള ഏറ്റവും വലിയ കാള മുതൽ ഏഴ് മില്ലി മീറ്റർ വരെയുള്ള ചെറിയ കാളകൾ അടങ്ങുന്ന നൂറുകണക്കിന് കെട്ടുകാളകളെയാണ് ക്ഷേത്രത്തിലേക്ക് എത്തിക്കുന്നത്. ഒരു പക്ഷേ തൃശ്ശൂർപൂരം കഴിഞ്ഞാൽ ഏറ്റവുമധികം ആളുകൾ ഒത്തുകൂടുന്ന ഒരു പരിപാടിയാണിത്. അടുത്തമാസം ഒക്ടോബർ 3-ാം തീയതി ഇരുപത്തിയെട്ടാം ഓണമാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ ലൈനുള്ളതുകാരണം പല കെട്ടുകാളകൾക്കും ക്ഷേത്രത്തിലേക്ക് എത്തിച്ചേരാൻ തടസ്സം നേരിടുന്നുണ്ട്. എല്ലാ വർഷവും ക്ഷേത്ര ഭരണസമിതി ലക്ഷക്കണക്കിന് രൂപയാണ് ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കുന്നത്. ജീവനക്കാരുടെ ബുദ്ധിമുട്ടും കാലത്തിനനുസരിച്ച് ജനങ്ങൾക്കും സമൂഹത്തിനും ഈ ആഘോഷം ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കേണ്ടതുണ്ട്. അതിനാൽ  ഇവിടെയുള്ള ഇലക്ട്രിസിറ്റി ലൈൻ അണ്ടർ കേബിൾ സിസ്റ്റമാക്കി മാറ്റിയാൽ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സാധിക്കും. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലും എസ്റ്റിമേറ്റും ബഹുമാനപ്പെട്ട അങ്ങ് മന്ത്രിയായതിനുശേഷം  സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അക്കാര്യത്തിൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

മറ്റൊരുകാര്യം, ഏകദേശം 5 ലക്ഷത്തോളം ആളുകൾ പങ്കെടുക്കുന്ന കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, മാവേലിക്കര താലൂക്കുകളിലെ ഏറ്റവും വലിയ ഉത്സവ ദിവസം പൊതുഅവധിയായി പ്രഖ്യാപിക്കണമെന്ന് അഭ്യർഥിക്കുന്നു. ഇതുസംബന്ധിച്ച കത്ത് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിക്കും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി വകുപ്പുമന്ത്രിക്കും നൽകിയിട്ടുണ്ട്. ഈ ഉത്സവം നേതൃത്വപരമായും സാമ്പത്തികമായും സാംസ്കാരിക വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ ഇരുപത്തിയെട്ടാം ഓണത്തോട് അനുബന്ധിച്ച് നടത്തുന്ന കാളകെട്ട് മഹോത്സവത്തിന് അമ്പലത്തിന്റെ പരിസരത്തുള്ള വിവിധ പ്രദേശങ്ങളിൽനിന്നും 63 അടി ഉയരമുള്ള കാളക്കൊമ്പൻമാരുടെ രൂപങ്ങൾ മുതൽ ചെറിയ കാളയുടെ രൂപങ്ങൾവരെ ക്ഷേത്രത്തിന്റെ അങ്കണത്തിലേക്ക് ആനയിച്ച് കൊണ്ടുവരാറുണ്ട്. ഓച്ചിറ, കരുനാഗപ്പള്ളി നോർത്ത്, കായംകുളം, കൃഷ്ണപുരം എന്നീ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിലാണ് കെട്ടുകാളകളെ എഴുന്നെള്ളിക്കുന്നത്.

കാളകെട്ട് മഹോത്സവത്തിന്റെ ഭാഗമായി സാധാരണയായി കാളകളെ കൊണ്ടുവരുന്ന റൂട്ട് ക്ഷേത്ര ഭരണസമിതി മുൻകൂറായി കെ.എസ്.ഇ.ബി.എൽ. ഓഫീസിൽ സമർപ്പിക്കുകയും അതനുസരിച്ച് ലൈൻ അഴിക്കുന്നതിനും കെട്ടുകാഴ്ച നീങ്ങിയതിനുശേഷം തിരിച്ച് സ്ഥാപിക്കുന്നതിനുമായ പ്രവൃത്തികളുടെ ആവശ്യകതയനുസരിച്ച് KSEBL-ൽനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതിക്ക് കൈമാറുകയും തുക അടയ്ക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കിവരികയുമാണ് ചെയ്യുന്നത്. ഇപ്രകാരം ലൈൻ അഴിച്ചുമാറ്റുന്നതോടെ പ്രസ്തുത സെക്ഷനുകളിലെ ഉദ്ദേശം 50000 ഉപഭോക്താക്കൾക്ക് ദീർഘനേരം വൈദ്യുതി തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ തടസ്സം ഒഴിവാക്കുന്നതിനായി ടി പ്രദേശങ്ങളിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കെട്ടുകാഴ്ച കടന്നുപോകുന്ന നാല് സെക്ഷൻ പരിധികളിലായി വരുന്ന പ്രദേശങ്ങളിലെ വൈദ്യുതി ലൈനുകൾ പൂർണ്ണമായും ഭൂഗർഭ കേബിളായി മാറ്റുന്നതിന് ഏകദേശം 75 കോടി രൂപയുടെ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുള്ളതാണ്. ടി തുക ഭീമമായതിനാൽ അടിയന്തര പരിഹാരമായി ഓച്ചിറ പരബ്രഹ്മ

ക്ഷേത്രത്തിന്റെ ഒരു കിലോ മീറ്റർ ചുറ്റളവിലുള്ള സ്ഥലത്തുമാത്രം എച്ച്.ടി./എൽ.ടി. ലൈനുകൾ മാറ്റി ഭൂഗർഭ കേബിൾ സ്ഥാപിക്കാൻ ആകെ 10 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പാക്കിയാൽ ഓച്ചിറ അമ്പലത്തിന്റെ പരിസരത്തുള്ള പ്രദേശങ്ങളിലെ (വ്യാപാര സ്ഥാപനങ്ങളുൾപ്പെടെയുള്ള ഇടങ്ങളിൽ) കെട്ടുകാഴ്ചമൂലമുള്ള വൈദ്യുത പ്രശ്നം പരിഹരിക്കാവുന്നതാണ്.

എന്നാൽ വൈദ്യുതി വിതരണ ലൈസൻസി എന്ന നിലയിൽ KSEBL, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ഉം അതിന്റെ ഭേദഗതിയും അടിസ്ഥാനമാക്കിയാണ് ഉപഭോക്താക്കൾക്ക് സേവനങ്ങൾ നൽകിവരുന്നത്. സപ്ലൈ കോഡിലെ ചട്ടം 95 പ്രകാരം വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ മുൻകൂറായി KSEBL-ന് നൽകേണ്ടതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു[+].

---

+ അനുബന്ധമായി ചേർക്കുന്നു.

Uncorrected/Not for publication
19-09-2025

## ആര്യനാട് ഗവൺമെന്റ് ഐ.ടി.ഐ. ഹോസ്റ്റൽ കെട്ടിട നിർമ്മാണം

ശ്രീ. ജി. സ്റ്റീഫൻ: സർ, ആര്യനാട് ഗവൺമെന്റ് ഐ.ടി.ഐ. ഹോസ്റ്റൽ കെട്ടിട നിർമ്മാണ ജോലികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെടുന്നതാണ് ഈ സബ്മിഷൻ. ആര്യനാട് ഗവൺമെന്റ് ഐ.ടി.ഐ. ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് 14-08-2009-ലാണ് 90 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചത്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ച ഘട്ടത്തിൽത്തന്നെ പണികൾ നിലച്ചു. പ്രസ്തുത കെട്ടിടത്തിന്റെ പില്ലറുകളുടെയും ബീമുകളുടെയും നിർമ്മാണമല്ലാതെ മറ്റൊരു പണിയും നാളിതുവരെ നടന്നിട്ടില്ല. സൈറ്റ് ക്ലിയർ ചെയ്ത് നൽകുന്നതിന് കാലതാമസം വന്നതോടെ കരാറുകാരൻ കരാർ ഉപേക്ഷിക്കുകയും ജോലികൾ നിർത്തിവയ്ക്കുകയും ചെയ്തു. പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് മാത്രം 76% സീറ്റുകൾ സംവരണം ചെയ്തിരിക്കുന്ന കേരളത്തിലെ ചുരുക്കം ചില ഐ.ടി.ഐ.-കളിൽ ഒന്നാണ് ആര്യനാട് ഐ.ടി.ഐ. കേരളത്തിന്റെ വിവിധ ജില്ലകളിൽനിന്നായി 512 വിദ്യാർഥികളാണ് ഇവിടെ പഠിക്കുന്നത്. ഐ.ടി.ഐ.-യുടെ അടുത്തായി ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലാണ്

ഭീമമായ തുക പ്രതിമാസം വാടക നൽകി ഹോസ്റ്റലിന്റെ പ്രവർത്തനം നടക്കുന്നത്. 1990-ൽ ആര്യനാട് ഉണ്ടപ്പാറയിൽ മൂന്ന് ട്രേഡുകളുമായിട്ടാണ് പ്രസ്തുത ഐ.ടി.ഐ. പ്രവർത്തനമാരംഭിച്ചത്. അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തതമൂലം ഇപ്പോഴും ടി സ്ഥാപനം ബുദ്ധിമുട്ടിലാണ്. സാമ്പത്തികമായി വളരെയധികം പിന്നാക്കം നിൽക്കുന്നതും വനമേഖലയിൽനിന്നുള്ള വിദ്യാർത്ഥികളുമാണ് ഈ ഹോസ്റ്റൽ പ്രധാനമായും ഉപയോഗിക്കുന്നത്. ഇവർക്ക് ഭക്ഷണത്തിനും മറ്റുമുള്ള തുക സ്വന്തമായി കണ്ടെത്തേണ്ട സ്ഥിതിയാണ്. ഹോസ്റ്റൽ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയാൽ മെസ് ഉൾപ്പെടെയുള്ള സൗകര്യം ലഭ്യമാകും. പില്ലറും ബീമും നിർമ്മിച്ച് പാതിവഴിയിൽ പണി നിലച്ചതോടെ വസ്തു ഉപയോഗശൂന്യമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത ഹോസ്റ്റൽ കെട്ടിടത്തിന്റെ ജോലികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

(ശ്രീ. എം. ബി. രാജേഷ്): സർ, ആര്യനാട് ഐ.ടി.ഐ.-യിൽ ബോയ്സ് ഹോസ്റ്റൽ നിർമ്മിക്കുന്നതിലേക്കായി 90 ലക്ഷം രൂപയുടെ ഭരണാനുമതി 2009 ആഗസ്റ്റ് 14-ന് സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചിരുന്നു. നിർമ്മാണ സ്ഥലത്തുണ്ടായിരുന്ന ഒരു കോൺക്രീറ്റ് കെട്ടിടം പൊളിച്ച് സൈറ്റ് ക്ലിയർ ചെയ്തുനൽകുന്നതിൽ കാലതാമസമുണ്ടായതിനാൽ കോൺട്രാക്ടർ 2012 ആഗസ്റ്റിൽ നിർമ്മാണ പ്രവൃത്തി അവസാനിപ്പിച്ചിരുന്നു. 2022 ഒക്ടോബർ 20-ന് തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ട്രെയിനിങ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ പി.ഡബ്ല്യൂ.ഡി. വർക്കുകളുടെ അവലോകന യോഗത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്തിരുന്നു. മുടങ്ങി കിടക്കുന്ന ഹോസ്റ്റൽ നിർമ്മാണം ഇതുവരെയും പുനരാരംഭിച്ചിട്ടില്ലെന്ന് പ്രിൻസിപ്പൽ അറിയിക്കുകയും 1 കോടി 80 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതായും ചീഫ് എഞ്ചിനീയറുടെ നിർദേശപ്രകാരം നിലവിൽ പണിത സ്ട്രക്ച്ചറിന്റെ ബലപരിശോധന നടത്തിയതുപ്രകാരം പ്രസ്തുത നിർമ്മാണത്തിന് ബലക്ഷയം സംഭവിച്ചിട്ടുള്ളതായും കണ്ടെത്തി. അതിനാൽ ഹോസ്റ്റൽ നിർമ്മാണത്തിന് പുതിയൊരു സ്ഥലം കണ്ടെത്തേണ്ടതുണ്ടെന്നും ഇതിനോടകം 14 ലക്ഷം രൂപ

പ്രസ്തുത നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ യോഗത്തിൽ അറിയിച്ചിരുന്നു. ഈ വിഷയത്തിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട് പരിശോധിച്ച് ഇൻഡസ്ട്രിയൽ ട്രെയിനിങ് വകുപ്പിലെ സ്റ്റേറ്റ് സിവിൽ വർക്സ് മോണിറ്ററിങ് കമ്മിറ്റി മൂന്ന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ഈ ശിപാർശകളിൽ രണ്ട് ശിപാർശകൾ പരിഗണിക്കാൻ കഴിയാത്തതാണെന്ന് അറിയിച്ചിട്ടുണ്ട്. പരിഗണിക്കാൻ കഴിയുന്ന ശിപാർശയുടെ സാധ്യത സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നെന്മാറ-ഒലിപ്പാറ റോഡ് നിർമ്മാണം

ശ്രീ. കെ. ബാബു (നെന്മാറ): സർ, എന്റെ നിയോജകമണ്ഡലത്തിലെ നെന്മാറ-ഒലിപ്പാറ റോഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ അടിയന്തരമായി ഇടപെടണമെന്നതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നെന്മാറ നിയോജകമണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന അയിലൂർ ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട പി.ഡബ്ല്യൂ.ഡി.

റോഡുകളിൽ ഒന്നാണ് നെന്മാറ-ഒലിപ്പാറ റോഡ്. 10.833 കിലോമീറ്റർ ദൂരമുള്ള റോഡിന് ഇരുവശവും ആയിരക്കണക്കിന് കുടുംബങ്ങളാണ് താമസിച്ചുവരുന്നത്. ദൈനംദിന ആവശ്യങ്ങൾക്കായി നിരവധി ആളുകൾ ഈ റോഡിനെ ആശ്രയിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സെൻട്രൽ റോഡ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽനിന്നും 16.5 കോടി രൂപ അനുവദിക്കുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 02-08-2023-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ടി പ്രവൃത്തിയുടെ കരാറുകാരൻ കാസർഗോഡ് ജില്ലയിലുള്ള ആളാണ്. രണ്ട് വർഷം കഴിഞ്ഞിട്ടും കുറച്ച് സൈഡ് പ്രൊട്ടക്ഷൻ, കുറച്ച് കൽവെർട്ട്, പിന്നെ ഡ്രൈനേജിന്റെ ചില പണികൾ മാത്രമേ ചെയ്തിട്ടുള്ളൂ. അതുമാത്രമല്ല, 4 കിലോമീറ്റർ ദൂരം റോഡ് പൊളിച്ചിട്ട് കരാറുകാരൻ ആദ്യ റൗണ്ടിൽതന്നെ അവിടെനിന്നും പോയി. പിന്നീട് ഇടപെട്ടപ്പോഴാണ് 4 കിലോമീറ്റർ ദൂരത്തിൽ Granular Sub-Base(GSB)-യും Wet Mix Macadam(WMM)-യും ഭാഗികമായി ചെയ്തത്. വേനൽ വന്നാൽ പൊടിയും മഴ വന്നാൽ ചെളി തെറിച്ചും ആ റോഡിലൂടെ നാട്ടുകാർക്ക് പോകാൻ സാധിക്കുന്നില്ല. എല്ലാ മാസവും ചേരുന്ന Constituency

Monitoring Team (C.M.T.) മീറ്റിങിന് പുറമെ നിരവധി തവണ ബന്ധപ്പെട്ട എഞ്ചിനീയർമാരെയും കരാറുകാരെയും ജനപ്രതിനിധികളെയും ജനങ്ങളെയും വിളിച്ചുചേർത്ത് മീറ്റിങ് നടത്തി യാത്രാപ്രശ്നം ബോധ്യപ്പെടുത്തിയിട്ടും ഇപ്പോഴും ഒരിഞ്ച് ജോലി മുന്നോട്ട് പോകുന്നില്ല. അയിലൂർ, നെന്മാറ നിവാസികളുടെ യാത്രാദുരിതം അവസാനിപ്പിക്കാൻ നെന്മാറ-ഒലിപ്പാറ റോഡ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ ബഹുമാനപ്പെട്ട മന്ത്രിയുടെ നേരിട്ടുള്ള ഇടപെടലും നടപടിയും ഉണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, പ്രസ്തുത റോഡിന്റെ ആദ്യ 1 കിലോമീറ്റർ നിലവിൽ റണ്ണിങ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെട്ടതും ഗതാഗതയോഗ്യമായി പരിപാലിക്കുന്ന ഭാഗവുമാണ്. 01 മുതൽ 11.833 കിലോമീറ്റർ വരെയുള്ള റോഡിന്റെ നവീകരണത്തിന് Central Road and Infrastructure Fund (CRIF) പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ

കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് തുടക്കത്തിൽ ചില തടസ്സങ്ങൾ ഉണ്ടായിരുന്നുവെന്നത് ശരിയാണ്. എന്നാൽ നിലവിൽ തടസ്സങ്ങളില്ലാതെ പ്രവൃത്തി നടത്താൻ കഴിയുന്ന സാഹചര്യമുണ്ട്. കൽവർട്ടുകളുടെയും പാർശ്വഭിത്തിയുടെയും കോൺക്രീറ്റ് ഓടകളുടെയും പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. പ്രവൃത്തിയുടെ Wet Mix Macadam(WMM)-ന്റെ രണ്ടാം നിര ഗുണനിലവാര പരിശോധനാ ഫലം തൃപ്തികരമല്ലാത്തതിനാൽ അത് പരിഹരിക്കാൻ കരാറുകാരന് കർശന നിർദേശം നൽകിയിട്ടുണ്ട്. അത് പൂർണ്ണമായും അദ്ദേഹം പരിഹരിച്ചിട്ടില്ല. കരാറുകാരനോട് നടപടികളുണ്ടാകുമെന്ന് സൂചിപ്പിച്ചുകൊണ്ട് കർശനമായി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതിനുവേണ്ടി ഒരാഴ്ച സമയം അദ്ദേഹത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. അതിൽ പ്രതീക്ഷിച്ച പുരോഗതിയുണ്ടായില്ലെങ്കിൽ അദ്ദേഹത്തിനെതിരെ കർശനമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകും. അദ്ദേഹത്തിനെതിരെ ടെർമിനേഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.